| 19-02-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ- ഞാൻ സദാ വാണിയ്ക്ക് ഉപരിയാണ്, ഞാൻ വന്നിരിക്കുന്നത് നിങ്ങൾ കുട്ടികളേയും ഉപരാമമാക്കി മാറ്റാനാണ്, ഇപ്പോൾ നിങ്ങൾ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്, ഇപ്പോൾ വാണിയിൽ നിന്നും ഉപരി വീട്ടിലേയ്ക്ക് പോകണം.**

**ചോദ്യം-** നല്ല പുരുഷാർത്ഥികളായ വിദ്യാർത്ഥികൾ എന്ന് ആരെയാണ് പറയുക? അവരുടെ മുഖ്യ അടയാളങ്ങൾ എന്തെല്ലാമാണ്?
**ഉത്തരം-** നല്ല പുരുഷാർത്ഥികളായ വിദ്യാർത്ഥികൾ സ്വയം തന്നോടുതന്നെ സംസാരിക്കാൻ അറിയുന്നവരാണ്, സൂക്ഷ്മമായ പഠനം നടത്തുന്നവരാണ്. പുരുഷാർത്ഥികളായ വിദ്യാർത്ഥികൾ സദാ തന്റെ പരിശോധന നടത്തും അതായത് തന്റെയുള്ളിൽ ഒരു ആസുരീയ അവഗുണവും ഇല്ലല്ലോ? ദൈവീക ഗുണങ്ങൾ എത്രത്തോളം ധാരണ ചെയ്തു? അവർ തന്റെ രജിസ്റ്റർ വെയ്ക്കും സഹോദര ദൃഷ്ടി സദാ ഉണ്ടായിരുന്നോ? വികാരി ചിന്തകൾ ഉണ്ടായില്ലല്ലോ?

**ഓം ശാന്തി.** ആത്മീയ കുട്ടികൾ അതായത് ആരെല്ലാം വാണിക്ക് ഉപരി പോകുന്നതിന് അഥവാ വീട്ടിലേയ്ക്ക് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നുണ്ടോ അവരെ പ്രതി. ശാന്തിധാമം എല്ലാ ആത്മാക്കളുടേയും വീടാണ്. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഇപ്പോൾ നമുക്ക് ഈ ശരീരം ഉപേക്ഷിച്ച് വീട്ടിലേയ്ക്ക് പോകണം. അച്ഛൻ പറയുന്നു ഞാൻ വന്നിരിക്കുന്നത് നിങ്ങളെ വീട്ടിലേയ്ക്ക് കൊണ്ടുപോകുന്നതിനാണ്, അതിനാൽ ഈ ദേഹത്തിൽ നിന്നും ദേഹത്തിന്റെ സംബന്ധങ്ങളിൽ നിന്നും ഉപരാമമാകണം. ഇതാണെങ്കിൽ വളരെ മോശമായ ലോകമാണ്. ഇതും ആത്മാവിന് അറിയാം നമുക്ക് ഇപ്പോൾ പോകണം. അച്ഛൻ വന്നിരിക്കുകയാണ് പാവനമാക്കി മാറ്റാൻ. വീണ്ടും നമുക്ക് പാവനലോകത്തിലേയ്ക്ക് പോകണം. ഉള്ളിൽ ഈ കാര്യങ്ങളുടെ വിചാരസാഗര മഥനം നടക്കണം. ബാക്കി ആർക്കും ഇങ്ങനെയുള്ള ചിന്തകൾ ഉണ്ടാകില്ല. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ സ്വമനസ്സാൽ ഈ ശരീരം ഉപേക്ഷിച്ച് തന്റെ വീട്ടിലേയ്ക്ക് പോയി പിന്നീട് പുതിയ പവിത്ര സംബന്ധത്തിൽ, പുതിയ ലോകത്തിൽ വരും. ഈ സ്മൃതി വളരെ കുറച്ച് പേർക്കേ ഉണ്ടാകുന്നുള്ളു. അച്ഛൻ പറയുന്നു കുട്ടികൾക്കും വലിയവർക്കും വൃദ്ധർക്കും എല്ലാം തിരിച്ച് പോകണം. പിന്നീട് പുതിയ ലോകത്തിലെ പാവന സംബന്ധത്തിൽ വരണം. ഓരോ നിമിഷവും ബുദ്ധിയിൽ വരണം നമ്മൾ ഇപ്പോൾ വീട്ടിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ്. ആരാണോ ചെയ്യുന്നത് അവരാണ് കൂടെപ്പോവുക. ആരാണോ ഇപ്പോൾ ഈശ്വരാർത്ഥം സേവനം ചെയ്യുന്നത് അവർ പുതിയ ലോകത്തിലെത്തുമ്പോൾ കോടാനുകോടികൾക്ക് അധികാരിയാകും. മറ്റുള്ളവർ ഈ പഴയ ലോകത്തിൽ ഇൻഡയറക്ടായി(പരോക്ഷമായി) ചെയ്യുന്നു. ഈശ്വരൻ ഇതിന് ഫലം നൽകും എന്നു കരുതുന്നു. ഇപ്പോൾ അച്ഛൻ മനസ്സിലാക്കിത്തരുന്നു ഭക്തിയിൽ ചെയ്യുന്നതിന്റെ ഫലം നിങ്ങൾക്ക് അല്പകാലത്തേയ്ക്ക് ക്ഷണഭംഗുരമായാണ് ലഭിക്കുന്നത്. ഇപ്പോൾ ഞാൻ വന്നിരിക്കുകയാണ്, നിങ്ങൾക്ക് വഴി പറഞ്ഞു തരികയാണ്- ഇപ്പോൾ ആരെല്ലാമാണോ നൽകുന്നത് അവർക്ക് 21 ജന്മങ്ങളിലേയ്ക്ക് അത് കോടിമടങ്ങായി ലഭിക്കും. നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ വലിയ വീട്ടിൽചെന്ന് ജന്മമെടുക്കും. നമ്മൾ നാരായണൻ അഥവാ ലക്ഷ്മിയായി മാറും. അതിനാൽ ഇപ്പോൾ വളരെയധികം പരിശ്രമിക്കണം. നമ്മൾ ഈ പഴയ മോശമായ ലോകത്തിൽ നിന്നും പോകുന്നതിനുള്ള തയ്യാറെടുപ്പ് നടത്തുകയാണ്. ഈ പഴയ ലോകത്തെ, പഴയ ശരീരത്തെ ഉപേക്ഷിക്കണം. അവസാന സമയത്ത് ഒന്നും തന്നെ ഓർമ്മ വരാത്ത രീതിയിലുള്ള തയ്യാറെടുപ്പുകൾ ചെയ്യണം. അഥവാ പഴയ ലോകവും മിത്ര സംബന്ധികളും ഓർമ്മയിൽ വരുകയാണെങ്കിൽ ഗതി എന്താകും? നിങ്ങൾ പറയാറുണ്ടല്ലോ അന്തിമ സമയത്ത് ആരാണോ പത്നിയെ സ്മരിച്ചത്.......... അതിനാൽ ബാബയെ ഫോളോ ചെയ്യണം. ബാബ വൃദ്ധനായതിനാൽ ഈ ശരീരം എന്തായാലും ഉപേക്ഷിക്കുകതന്നെ വേണമെന്നറിയാം, ഇങ്ങനെയല്ല. നിങ്ങൾ എല്ലാവരും വൃദ്ധരാണ്. എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്, എല്ലാവർക്കും തിരിച്ച് പോകണം അതിനാലാണ് അച്ഛൻ പറയുന്നത് ഈ പഴയ ലോകത്തിൽ നിന്നും ബുദ്ധിയോഗത്തെ മുറിക്കു. ഇപ്പോൾ തന്റെ വീട്ടിലേയ്ക്ക് പോകണം. പിന്നീട് എത്രപേർക്ക് അവിടെ തങ്ങണോ അത്രയുംപേർ അവിടെ തങ്ങും. എത്രപേർക്ക് അവസാന സമയത്ത് പാർട്ടുണ്ടോ അവർ അവസാന സമയത്ത് ശരീരം ധാരണ ചെയ്ത് പാർട്ട് അഭിനയിക്കും. ചിലർ 5000 വർഷത്തിന് 100 വർഷം കുറവുള്ളത്രയും സമയം വരെയും ശാന്തീധാമത്തിൽ ഇരിക്കും. അവസാന സമയത്ത് വരും. എങ്ങനെയാണോ കാശിയിൽ ചെന്ന് മരണം വരിക്കുന്നത്, സർവ്വപാപങ്ങളും ക്ഷണത്തിൽ അവസാനിക്കും. അവസാന സമയത്ത് വരുന്നവർക്ക് എന്ത് പാപമുണ്ടാകാനാണ്! വന്നു അപ്പോൾ തന്നെ പോയി. ബാക്കി മോക്ഷം ആർക്കും ലഭിക്കില്ല. അവിടെ ഇരുന്ന് എന്തുചെയ്യാനാണ്. പാർട്ട് തീർച്ച

യായും അഭിനയിക്കുകതന്നെ വേണം. നിങ്ങളുടെ പാർട്ട് ആരംഭത്തിൽ വരുക എന്നതാണ്. അതിനാൽ അച്ഛൻ പറയുന്നു– കുട്ടികളേ, ഈ പഴയലോകത്തെ മറന്നുകൊണ്ടേപോകു. ഇപ്പോൾ തിരിച്ച് പോകണം, 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയായി. നിങ്ങൾ പതിതമായിരിക്കുന്നു. ഇപ്പോൾ വീണ്ടും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കു. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുകയും വേണം.

അച്ഛൻ മനസ്സിലാക്കിത്തരുകയാണ്– കുട്ടികളേ, അവനവനെ പരിശോധിച്ചുകൊണ്ടിരിക്കൂ– എന്റെയുള്ളിൽ ഒരു ആസുരീയ അവഗുണവും ഇല്ലല്ലോ? നിങ്ങളുടേത് ദൈവീക ഗുണമായിരിക്കണം. അതിനായി ചാർട്ട് വെയ്ക്കുകയാണെങ്കിൽ പക്കയായി മാറും. പക്ഷേ മായ നിങ്ങളെ ചാർട്ട് വെയ്ക്കാൻ അനുവദിക്കുന്നില്ല. രണ്ടോ നാലോ ദിവസങ്ങൾ വെയ്ക്കും പിന്നീട് ഉപേക്ഷിക്കും കാരണം ഭാഗ്യത്തിലില്ല. ഭാഗ്യത്തിലുണ്ടെങ്കിൽ വളരെ നല്ലരീതിയിൽ രജിസ്റ്റർ വെയ്ക്കും. സ്ക്കൂളിൽ തീർച്ചയായും രജിസ്റ്റർ വെയ്ക്കും. ഇവിടെയും എല്ലാ സെന്ററിലും വിദ്യാർത്ഥികളുടെ ചാർട്ടും രജിസ്റ്ററും വെയ്ക്കണം. എന്നിട്ട് നോക്കണം ഞാൻ ദിവസവും പോകുന്നുണ്ടോ? ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നുണ്ടോ? സഹോദരീ സഹോദര ബന്ധത്തിനും മുകളിലേയ്ക്ക് പോകണം. കേവലം ആത്മീയ സഹോദരങ്ങളാണ് എന്ന ദൃഷ്ടി മാത്രമായിരിക്കണം. നമ്മൾ ആത്മാക്കളാണ്. ആരുടേയും ദൃഷ്ടി വികാരിയാകരുത്. നിങ്ങൾ ബ്രഹ്മാകുമാർ–കുമാരിമാരാണ് അതിനാലാണ് സഹോദര–സഹോദരി സംബന്ധം വെച്ചിരിക്കുന്നത്. ഒരു അച്ഛന്റെ കുട്ടികളാണ്. ഈ സംഗമത്തിൽ മാത്രമാണ് സഹോദരീ സഹോദര ബന്ധത്തിൽ ഇരിക്കുന്നത്. അതിനാൽ വികാരത്തിന്റെ ദൃഷ്ടി അവസാനിക്കണം. ഒരു അച്ഛനെ മാത്രം ഓർമ്മിക്കണം. വാണിക്കും ഉപരിയായി പോകണം. ഇങ്ങനെ ഇങ്ങനെ അവനവനോടുതന്നെ സംസാരിക്കുന്നതാണ് സൂക്ഷ്മ പഠനം. ഇതിൽ ശബ്ദത്തിലേക്ക് വരേണ്ടതായ ആവശ്യമില്ല. ഇവിടെ കുട്ടികൾക്ക് മനസ്സിലാക്കിത്തരുവാൻ വേണ്ടി ശബ്ദത്തിലേയ്ക്ക് വരേണ്ടി വരുന്നു. വാണിക്ക് ഉപരി പോകുന്നതിനും മനസ്സിലാക്കിത്തരേണ്ടി വരുന്നു. ഇപ്പോൾ തിരിച്ച് പോകണം. അച്ഛനെ വിളിച്ചിരുന്നു വരൂ, ഞങ്ങളെ കൂടെ കൊണ്ടുപോകൂ എന്ന്. ഞങ്ങൾ പതിതരാണ്, തിരിച്ച് പോകാൻ സാധിക്കില്ല. പതിതലോകത്തിൽ ഇപ്പോൾ ആര് പാവനമാക്കും! സാധു സന്യാസിമാർക്ക് ആർക്കും പാവനമാക്കാൻ സാധിക്കില്ല. അവർ സ്വയം പാവനമാകാൻ ഗംഗാസ്നാനം ചെയ്യുന്നവരാണ്. അച്ഛനെ അറിയുന്നില്ല. ആരാണോ കല്പം മുമ്പ് അറിഞ്ഞത്, അവരാണ് ഇപ്പോൾ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പുരുഷാർത്ഥവും ബാബയ്ക്കല്ലാതെ മറ്റാർക്കും ചെയ്യിക്കാൻ സാധിക്കില്ല. ബാബ തന്നെയാണ് സർവ്വശ്രേഷ്ഠം. ഇങ്ങനെയുള്ള അച്ഛനെ കല്ലിലും മുള്ളിലും ഉണ്ടെന്ന് പറയുന്നതിലൂടെ മനുഷ്യന്റെ സ്ഥിതി എന്തായിത്തീർന്നു! ഏണിപ്പടി ഇറങ്ങിവന്നു. സമ്പൂർണ്ണ നിർവ്വികാരികളിൽ നിന്നും, സമ്പൂർണ്ണ വികാരികളായിത്തീർന്നു. ആരാണോ കല്പം മുമ്പ് അംഗീകരിച്ചത് അവരേ ഈ കാര്യങ്ങൾ ഇപ്പോഴും അംഗീകരിക്കു. നിങ്ങളുടെ ജോലി ആര് വന്നാലും അവർക്ക് അച്ഛന്റെ ആജ്ഞയെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ഏണിപ്പടിയുടെ ചിത്രത്തിലൂടെ മനസ്സിലാക്കിക്കൊടുക്കു. എല്ലാവർക്കും ഇപ്പോൾ വാനപ്രസ്ഥ അവസ്ഥയാണ്. എല്ലാവരും ഇപ്പോൾ ശാന്തീധാമത്തിലേയ്ക്കും സുഖധാമത്തിലേയ്ക്കും പോകും. ആരാണോ ആത്മാവിനെ ബുദ്ധിയോഗത്തിന്റെ ബലത്തിലൂടെ സമ്പൂർണ്ണ പവിത്രമാക്കി മാറ്റിയത് അവരാണ് സത്യയുഗത്തിലേയ്ക്ക് പോകുന്നത്. ഭാരതത്തിലെ പ്രാചീനയോഗം എന്നും മഹിമയുണ്ട്. ആത്മാവിന് ഇപ്പോൾ സ്മൃതി ഉണരുകയാണ് തീർച്ചയായും നമ്മൾ ആദ്യമാദ്യം വന്നിരുന്നു. ഇപ്പോൾ വീണ്ടും തിരിച്ച് പോകണം. നിങ്ങൾക്ക് നിങ്ങളുടെ പാർട്ട് ഓർമ്മ വരുന്നു. ആരാണോ ഈ കുലത്തിൽ വരാത്തത് അവരിൽ നമുക്ക് ഇപ്പോൾ പവിത്രമായി മാറണമെന്ന ഓർമ്മയും ഉണരില്ല. പവിത്രമായി മാറുന്നതിനാണ് പരിശ്രമിക്കേണ്ടത്. അച്ഛൻ പറയുന്നു സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മാജീത്തായി മാറും ഒപ്പം സഹോദരീ സഹോദരനാണ് എന്ന് മനസ്സിലാക്കുന്നതിലൂടെ ദൃഷ്ടിയും പരിവർത്തനപ്പെടും. സത്യയുഗത്തിൽ ദൃഷ്ടി ഒരിയ്ക്കലും മോശമായിരിക്കില്ല. ബാബയാണെങ്കിൽ മനസ്സിലാക്കിത്തന്നുകൊണ്ടേയിരിക്കുന്നു കുട്ടികളേ സ്വയം തന്നോടുതന്നെ ചോദിക്കു– നമ്മൾ സത്യയുഗീ ദേവതയാണോ അതോ കലിയുഗീ മനുഷ്യനാണോ? നിങ്ങൾ കുട്ടികൾ വളരെ നല്ല നല്ല ചിത്രങ്ങളും സ്ലോഗനും ഉണ്ടാക്കണം. ആദ്യത്തെയാൾ ചോദിക്കണം സത്യയുഗിയാണോ അതോ കലിയുഗിയാണോ? രണ്ടാമത്തെയാൾ പിന്നീട് മറ്റൊരു ചോദ്യം ചോദിക്കണം, ഇങ്ങനെ ഇളക്കിമറിക്കണം.

അച്ഛൻ ശ്രീമതം നൽകുന്നുണ്ട് പതിതരെ പാവനമാക്കാൻ. ബാക്കി ജോലി കാര്യങ്ങളിൽ നിന്ന് നമ്മൾ എന്താണ് നേടിയത്. അച്ഛനെ വിളിക്കുന്നത് തന്നെ വന്നു മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനുള്ള വഴി പറഞ്ഞുതരൂ എന്നു പറഞ്ഞാണ്, അതിനാൽ ഞാൻ വന്ന് അത് പറഞ്ഞുതരികയാണ്. എത്ര സഹജമായ കാര്യമാണ്. സൂചനയും വളരെ സഹജമാണ്– മന്മനാഭവ. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കു. അർത്ഥം മനസ്സിലാക്കാത്ത കാരണത്താൽ ഗംഗയെ പതിതപാവനീ എന്നു കരുതുന്നു. പതിതപാവനൻ അച്ഛനാണ്. ഇപ്പോൾ എല്ലാവരുടേയും കണക്കെടുപ്പിന്റെ സമയമാണ്. കണക്കു വഴ

ക്കുകൾ തീർപ്പാക്കി തിരികെക്കൊണ്ടുപോകുന്നു. അച്ഛൻ മനസ്സിലാക്കിത്തരുമ്പോൾ മനസ്സിലാക്കുന്നുണ്ട് പക്ഷേ ഭാഗ്യത്തിൽ ഇല്ലാത്തതിനാൽ താഴെ വീണുപോകുന്നു. അച്ഛൻ പറയുന്നു സഹോദരീ- സഹോദരനാണ് എന്ന് മനസ്സിലാക്കു, ഒരിയ്ക്കലും മോശമായ ദൃഷ്ടി ഉണ്ടാകരുത്. ചിലരിൽ കാമത്തിന്റെ ഭൂതം, ചിലരിൽ ലോഭത്തിന്റെ ഭൂതം വരുന്നു, എപ്പോഴെങ്കിലും നല്ല ഭക്ഷണ സാധനങ്ങൾ കാണുമ്പോൾ ആസക്തിയുണ്ടാകുന്നു. കടലക്കാരനെ കാണുമ്പോൾ കഴിക്കാൻ തോന്നുന്നു. പിന്നീട് കഴിച്ചാൽ അശുദ്ധമായത് കാരണം അതിന്റെ പ്രഭാവം പെട്ടെന്ന് ഉണ്ടാകുന്നു. ബുദ്ധി ഭ്രഷ്ടമാകുന്നു. മമ്മയും ബാബയും ഏതെല്ലാം വിശ്ഷ്ട സന്താനങ്ങൾക്കാണോ സർട്ടിഫിക്കറ്റ് കൊടുക്കുന്നത് അവരെ ഫോളോ ചെയ്യണം. യജ്ഞത്തിൽ നിന്ന് എന്ത് ലഭിക്കുന്നുവോ അത് മധുരമാണ് എന്ന് മനസ്സിലാക്കി കഴിക്കണം. നാവിന് ആസക്തി പാടില്ല. യോഗവും വേണം. യോഗമില്ലെങ്കിൽ ഇന്ന സാധനം കഴിക്കണം അല്ലെങ്കിൽ അസുഖം വരും എന്നെല്ലാം തോന്നാൻ തുടങ്ങും. ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മൾ വന്നിരിക്കുന്നത് ദേവതയാകാനാണ്. ഇപ്പോൾ നമുക്ക് തിരിച്ച് വീട്ടിലേയ്ക്ക് പോകണം. പിന്നീട് കുട്ടിയായി മാറി അമ്മയുടെ ഗർഭത്തിലേയ്ക്ക് വരും. അമ്മ എന്താണോ കഴിക്കുകയും കുടിക്കുകയും ചെയ്യുന്നത് അതിന്റെ പ്രഭാവം കുട്ടിയിലും ഉണ്ടാകും. സത്യയുഗത്തിൽ പിന്നെ ഇങ്ങനെയുള്ള ഒരു കാര്യവുമുണ്ടാകില്ല. അവിടെ എല്ലാം ഫസ്റ്റ് ക്ലാസായിരിക്കും. നമുക്ക് വേണ്ടി മാതാവ് കഴിക്കുന്നതും ഫസ്റ്റ് ക്ലാസായിരിക്കും, അത് നമ്മുടെ വയറ്റിലേയ്ക്ക് വരും. അവിടെ എല്ലാംതന്നെ ഫസ്റ്റ് ക്ലാസായിരിക്കും. ജന്മമെടുക്കുമ്പോൾ തന്നെ ശുദ്ധമായ ഭക്ഷണമായിരിക്കും ലഭിക്കുന്നത്. അതിനാൽ ഇങ്ങനെയുള്ള സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള തയ്യാറെടുപ്പ് നടത്തണം. അച്ഛനെ ഓർമ്മിക്കണം.

അച്ഛൻ വന്ന് നമുക്ക് പുനർജന്മം നൽകുകയാണ്. ലോകരാണെങ്കിൽ കുരങ്ങിന്റെ ഗ്രന്ഥികൾ മനുഷ്യനിൽ ഘടിപ്പിക്കുന്നു. ഞങ്ങളും ചെറുപ്പക്കാരാകും എന്നു കരുതുന്നു. ഹൃദയം മാറ്റി വെക്കുന്നത് പോലെ. ബാബ ഹൃദയമൊന്നും മാറ്റി വെക്കുന്നില്ല. അച്ഛൻ വന്ന് നമ്മുടെ ഹൃദയത്തെ പരിവർത്തനപ്പെടുത്തുകയാണ് ചെയ്യുന്നത്. ബാക്കി മറ്റേതെല്ലാം സയൻസാണ്. ബോംബുകൾ ഉണ്ടാക്കുന്നു. ഇത് ലോകത്തെ മുഴുവൻ നശിപ്പിക്കുന്ന വസ്തുവാണ്. തമോപ്രധാന ബുദ്ധിയല്ലേ. ഇതാണ് ഡ്രാമയിലെ ഭാവി എന്നു മനസ്സിലാക്കി അവർ സന്തോഷിക്കുന്നു. ബോംബുകൾ തീർച്ചയായും ഉണ്ടാക്കുക തന്നെവേണം. ശാസ്ത്രങ്ങളിൽ എഴുതിവെച്ചിട്ടുണ്ട് വയറ്റിൽ നിന്നും ഉലക്ക പുറത്ത് വന്നു പിന്നീട് ഇങ്ങനെയെല്ലാം സംഭവിച്ചുവെന്ന്. ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നു ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. രാജയോഗം പഠിപ്പിച്ചത് ഞാൻ തന്നെയാണ്. അതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലെ ഒരു കഥയാണ്, അത് കേട്ട് കേട്ട് നമ്മുടെ അവസ്ഥ ഇങ്ങനെയായി. ഇപ്പോൾ അച്ഛൻ സത്യനാരായണന്റെ കഥ, ത്രിനേത്രത്തിന്റെകഥ, അമരനാഥന്റെ കഥ കേൾപ്പിക്കുകയാണ്. ഈ പഠിപ്പിലൂടെയാണ് നിങ്ങൾ ഈ പദവി നേടുന്നത്. കാണിക്കുന്നത് സ്വദർശന ചക്രത്താൽ എല്ലാവരേയും കൃഷ്ണൻ വധിച്ചു എന്നാണ്, പക്ഷേ കൃഷ്ണൻ അങ്ങനെ ചെയ്തിട്ടില്ല. ഞാൻ കേവലം രാജയോഗം പഠിപ്പിച്ച് പാവനമാക്കി മാറ്റുകയാണ്. ഞാൻ നിങ്ങളെ സ്വദർശന ചക്രധാരിയാക്കി മാറ്റുകയാണ്. പിന്നീട് അവർ കൃഷ്ണന്റെ കൈയ്യിൽ ചക്രം മുതലായവ കാണിച്ചിരിക്കുന്നു. സ്വദർശന ചക്രം എങ്ങനെ കറക്കും? ഇന്ദ്രജാലത്തിന്റെ കാര്യമൊന്നുമില്ലല്ലോ. ഇതെല്ലാം ആക്ഷേപമല്ലേ. അതും അരകല്പം നടന്നുകൊണ്ടിരിക്കും. എത്ര അത്ഭുതകരമായ ഡ്രാമയാണ്. ഇപ്പോൾ ചെറുപ്പക്കാർ, മുതിർന്നവർ എല്ലാവരുടേയും വാനപ്രസ്ഥ അവസ്ഥയാണ്. ഇപ്പോൾ നമുക്ക് പോകണം അതിനാൽ അച്ഛനെ ഓർമ്മിക്കണം. മറ്റൊരു കാര്യവും ഓർമ്മവരരുത് ഇങ്ങനെയുള്ള അവസ്ഥയുണ്ടാകണം അപ്പോൾ ഉയർന്ന പദവി നേടാൻ കഴിയും. തന്റെ ഹൃദയത്തോട് ചോദിക്കണം- എന്റെ രജിസ്റ്റർ എത്രത്തോളം ശരിയാണ്? രജിസ്റ്ററിലൂടെ മനസ്സിലാക്കാൻ സാധിക്കും ദിവസവും പഠിക്കുന്നുണ്ടോ അതോ ഇല്ലയോ എന്ന്. ചിലർ നുണ പറയുന്നുമുണ്ട്. അച്ഛൻ പറയുന്നു സത്യം പറയൂ, പറയുന്നില്ലെങ്കിൽ മോശമാകുന്നത് നിങ്ങളുടെ രജിസ്റ്റർ തന്നെയാണ്. ഭഗവാനോട് പവിത്രമാകാമെന്ന് പ്രതിജ്ഞ ചെയ്തിട്ട് അത് തെറ്റിച്ചാൽ നിങ്ങളുടെ അവസ്ഥ എന്താകും. വികാരത്തിൽ വീണാൽ കളി കഴിഞ്ഞു. നമ്പർ വൺ ശത്രു ദേഹാഭിമാനമാണ്, പിന്നീട് കാമവും ക്രോധവും. ദേഹാഭിമാനത്തിൽ വരുന്നതിനാലാണ് മനോവൃത്തി മോശമാകുന്നത് അതിനാൽ ബാബ പറയുകയാണ്- ദേഹീ- അഭിമാനീ ഭവ. അർജുനനും ബ്രഹ്മാവ് തന്നെയല്ലേ. കൃഷ്ണന്റെ ആത്മാവും ഇവർ തന്നെയായിരുന്നു. വാസ്തവത്തിൽ അർജുനൻ എന്ന പേരൊന്നുമില്ല, ആരിലാണോ ബാബ പ്രവേശിക്കുന്നത് അവരുടെ പേര് മാറിക്കൊണ്ടിരിക്കും. മനുഷ്യർ പറയും ഈ വൃക്ഷം മുതലായവ നിങ്ങളുടെ കല്പനയാണെന്ന്. മനുഷ്യരുടെ കല്പന നിങ്ങൾ ഇപ്പോൾ കാണുന്നുണ്ട്.

നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷം ഉണ്ടായിരിക്കണം- ഇപ്പോൾ നമ്മൾ പോയി സ്വർഗ്ഗത്തിലെ ചെറിയ കുട്ടിയാകും. പിന്നീട് പേര്, രൂപം, കാലം, ദേശം എല്ലാം പുതിയതായിരിക്കും. ഇത് പരിധിയില്ലാത്ത നാടകമാണ്. ഉണ്ടായതും ഉണ്ടാക്കപ്പെട്ടതും ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്. സംഭവിക്കേ

ണ്ടതുതന്നെയാണ് സംഭവിക്കുന്നത് പിന്നീട് നമ്മൾ എന്തിനാണ് ചിന്തിക്കുന്നത്? ഡ്രാമയുടെ രഹസ്യം ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ഇതെല്ലാം നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ മറ്റാർക്കും അറിയില്ല. ലോകത്തിൽ ഈ സമയത്ത് എല്ലാവരും പൂജാരികളാണ്. എവിടെയാണോ പൂജാരികളുള്ളത് അവിടെ പൂജ്യനായി ഒരാൾപോലും ഉണ്ടാകില്ല. സത്യ-ത്രേതായുഗങ്ങളിലാണ് പൂജ്യനീയർ ഉണ്ടാവുക. കലിയുഗത്തിൽ പൂജാരികളാണ്, പിന്നീട് ഇവിടെയുള്ളവരെ സ്വയം പൂജ്യനാണെന്ന് എങ്ങനെ പറയാൻ സാധിക്കും? പൂജ്യനായിട്ടുള്ളത് ദേവീ ദേവതകളാണ്. മനുഷ്യർ പൂജാരികളാണ്. മുഖ്യ കാര്യം അച്ഛൻ മനസ്സിലാക്കിത്തരുകയാണ്- പാവനമായി മാറണമെങ്കിൽ എന്നെമാത്രം ഓർമ്മിക്കൂ. ഡ്രാമ അനുസരിച്ച് ആര് എത്ര പുരുഷാർത്ഥം ചെയ്തുവോ അത്രയേ ചെയ്യുകയുള്ളൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം -

1. തന്റെ പഠിപ്പിന്റെ രജിസ്റ്റർ വെയ്ക്കണം. എനിക്ക് ഭായി-ഭായി എന്ന ദൃഷ്ടി എത്രത്തോളമുണ്ട്? എന്റെ സ്വഭാവം ദൈവീകമായി മാറിയോ? എന്നത് തന്റെ ചാർട്ടിൽ പരിശോധിക്കണം.

2. തന്റെ നാക്കിനുമേൽ വളരെ അധികം നിയന്ത്രണം വേണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം നമ്മൾ ദേവതയായി മാറുകയാണ് അതിനാൽ കഴിക്കുന്നതിലും കുടിക്കുന്നതിലും വളരെ ശ്രദ്ധ വേണം. നാവിന്റെ ആസക്തിയുടെ പിന്നാലെ പോകരുത്. മാതാപിതാവിനെ ഫോളോ ചെയ്യണം.

### വരദാനം:- വിവേചനശക്തിയിലൂടെ ബാബയെ തിരിച്ചറിഞ്ഞ് അധികാരിയായി മാറുന്ന വിശേഷാത്മാവായി ഭവിക്കട്ടെ.

ബാപ്ദാദ ഓരോ കുട്ടികളുടെയും വിശേഷത നോക്കുകയാണ്, സമ്പൂർണ്ണരായി മാറിയിട്ടില്ല, പുരുഷാർത്ഥികളാണ്, എങ്കിലും ഒരു കുട്ടി പോലുമില്ല ഒരു വിശേഷതയുമില്ലാത്തവരായിട്ട്. ഏറ്റവും ആദ്യത്തെ വിശേഷതയാണ് കോടിയിൽ ചിലരുടെ ലിസ്റ്റിൽ വന്നു എന്നത്. ബാബയെ തിരിച്ചറിഞ്ഞ് എന്റെ ബാബ എന്ന് പറഞ്ഞ് അധികാരിയാകുക- ഇതും ബുദ്ധിയുടെ വിശേഷതയാണ്, വിവേചന ശക്തിയാണ്. ഈ ശ്രേഷ്ഠ ശക്തി തന്നെയാണ് വിശേഷാത്മാവാക്കി മാറ്റിയത്.

### സ്ലോഗൻ:- ശ്രേഷ്ഠ ഭാഗ്യത്തിന്റെ രേഖ വരക്കാനുള്ള പേനയാണ് ശ്രേഷ്ഠ കർമ്മം, അതിനാൽ എത്ര കഴിയുമോ അത്രയും ഭാഗ്യമുണ്ടാക്കൂ.